Vol. 2 Issue 306

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
677

# പാഠപുസ്തകങ്ങൾ പരിഷ്കരിക്കും:

## മന്ത്രി ശിവൻ കുട്ടി

ഇന്ത്യയെന്ന പദം ഒഴുവാക്കി ഭാരതം എന്നാക്കണമെന്നാണ് എൻസിഇആർടി പറയുന്നത്. കേരളത്തിലെ പാഠപുസ്തകളിൽ നിന്ന് ഇന്ത്യ എന്ന പദം മാറ്റില്ലെന്നും മന്ത്രി വി.ശിവൻകുട്ടി വ്യക്തമാക്കി.



3

എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 8 വെള്ളി

## ഉറങ്ങി മരിക്കരുത്

**ഡോ**ൾഫിനുകൾ ഉറങ്ങുന്നത് ഒരു കണ്ണ് തുറന്നാണ്. ഡോൾഫിനുകളുടെ തലച്ചോറിന്റെ ഒരു ഭാഗം എപ്പോഴും ഉണർന്നാണ് ഇരിക്കുന്നത്. ഇടത്തെ ഭാഗത്തെ തലച്ചോർ ഉറങ്ങുമ്പോൾ വലതുവശത്തെ കണ്ണ് അടച്ചിരിക്കും. വലതുഭാഗത്തെ തലച്ചോർ ഉറങ്ങുമ്പോൾ ഇടതു വശത്തെ കണ്ണ് അടച്ചിരിക്കും. ഇങ്ങനെ ഉറങ്ങുന്നതിന് ഒരു കാരണം ഉണ്ട്. അതിനു ശ്വസിക്കുവാൻ വേണ്ടിയാണ് ഇങ്ങനെ ഉണർന്നിരിക്കുന്നത്.
പൂർണ്ണ ഉറക്കമായാൽ അവ വെള്ളത്തിനടിയിൽ ശ്വാസം മുട്ടി മരിക്കുവാൻ ഇടയായതിനാലാണ് ഇങ്ങനെ അവയുടെ തലച്ചോർ പ്രവർത്തിക്കുന്നത്. മറ്റുള്ള മീനുകളെ പോലെ ഡോൾഫിനുകൾ ജലജീവികളല്ല. ഡോൾഫിനുകൾ സസ്തനികളാണ്. ഡോൾഫിനുകൾക്ക് ശ്വസനം എന്നത് താനേ പ്രവർത്തിക്കുന്ന പ്രക്രിയയല്ല. അവയുടെ തലച്ചോറിൽ അതിനുള്ള ചിന്ത നടന്നെങ്കിലേ ശ്വസിക്കുവാൻ സാധിക്കുകയുള്ളു. അതെ സമയം അവയുടെ തലച്ചോറിന് വിശ്രമവും ആവശ്യമാണ്.ആകയാൽ അവയുടെ തലച്ചോറിന്റെ ഒരു ഭാഗം വിശ്രമിക്കുമ്പോൾ മറ്റൊരു ഭാഗം പ്രവർത്തിക്കുന്നു.

അവയ്ക്ക് ആവശ്യമായ വിശ്രമവും അവയുടെ ജീവൻ നിലനിർത്തുവാനുള്ള ശ്വസനവും ഒരേ സമയം നടക്കുന്ന ഒരു പ്രേത്യേക പ്രവർത്തനമാണ് ഡോൾഫിനുകളിൽ നടക്കുന്നത്. തലച്ചോർ പൂർണ്ണമായി ഉറങ്ങിയാൽ ഡോൾഫിനുകൾ ശ്വാസം കിട്ടാതെ മരിക്കും. ഒരേ സമയം ഉണർന്നും അതെ സമയം ഉറങ്ങിയും ജീവിക്കുന്ന ഡോൾഫിനുകൾ തികച്ചും വ്യത്യസ്തമായ ഒരു ജീവിയാണ്. ഡോൾഫിനുകൾ നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠവും ഇതാണ്. ഉറങ്ങുമ്പോളും ഉണർന്നിരിക്കുന്നവർ. ജാഗരൂകരായി എപ്പോഴും വസിക്കുന്ന ജീവിതം നമുക്കാവശ്യമാണ്.

പൂർണ്ണമായി ഉറങ്ങുന്നവരാകുവാനല്ല. ഏതുസമയവും നമ്മുടെ ഉള്ളിൽ ഉണർന്നും ഒരുങ്ങിയും ഇരിക്കുന്ന ഒരനുഭവം ഉണ്ടാകണം. ദൈവീക പ്രകാശം ഉള്ളിൽ ലഭിച്ചവർ ഈ ലോകത്തിൽ ജീവിക്കുമ്പോൾ ലോകത്തിന്റെ അന്ധകാരത്തിൽ മയങ്ങുന്നവരായല്ല, മറിച്ചു ജ്യോതിസ്സുകളെപോലെ പ്രകാശിക്കണം. അന്ധകാരം നമ്മെ വീർപ്പുമുട്ടിച്ചു നശിപ്പിക്കരുത്. ഈ ലോകത്തിന്റെ വശീകരണങ്ങളും കണികളും നമ്മെ നശിപ്പിക്കുവാൻ കുടുക്കരുത്. അതിനെ അതിജീവിക്കുവാൻ സദാസമയം ഉണർന്നിരിക്കണം.ലോകത്തിന്റെ ആഴക്കടലിൽ മുങ്ങി അവരുടെ ജീവിതം നശിപ്പിച്ചവർ അനേകരാണ്. ആത്മീയപ്രകാശനമാണ് നമ്മുടെ ജീവൻ നിലനിർത്തുന്നത്. ദൈവവുമായുള്ള ആത്മീയബന്ധം ഒരു ജീവൻരക്ഷാ ഉപാധിയാണ്.

നമ്മുടെ യഥാർത്ഥ ജീവൻ നിലനിർത്തുവാൻ ദൈവീക സംസർഗം അത്യാവശ്യമാണ്. ദൈവീക കൂട്ടായ്മയില്ലാത്ത ജീവിതം അപകടകരമാണ്. നാം ശ്വസിക്കുന്നതും വസിക്കുന്നതും ദൈവീക ജീവനിലായിരിക്കണം. ഡോൾഫിനുകളെപ്പോലെ പ്രത്യേകതയുള്ളവരായിട്ടാണ് നമ്മെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ഒരേസമയം നാം ഈ ഭൂമിയിൽ ജീവിക്കുകയും അതെ സമയം ദൈവവുമായി ആത്മാവിൽ കൂട്ടായ്മ കൂടുവാനുമുള്ള ക്രമീകരണം. ഈ ലോകത്തെ നാം നമ്മുടെ സ്വശക്തിയാൽ നേരിട്ടാൽ നമുക്ക് നിലനിൽപ്പില്ല. സ്വശക്തിയിൽ ആശ്രയിക്കുന്നിടത്തെല്ലാം നാം മുങ്ങിമരിക്കും.നമ്മിൽ തന്റെ പുത്രത്വത്തിന്റെ ആത്മാവിനെ പകർന്നിരിക്കുന്നത് നാം നശിക്കുവാനല്ല തന്നോടുകൂടെ നിത്യമായി വസിക്കുവാനാണ്.



ബ്ലസ്സൻ ചെറിയാൻ, കാനഡ

## കാനം രാജേന്ദ്രൻ അന്തരിച്ചു



കോട്ടയം :സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ അന്തരിച്ചു. 73 വയസായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് കൊച്ചിയിലെ ആശുപത്രിയിലായിരുന്നു അന്ത്യം. രോഗബാധിതനായി കുറച്ചുനാളായി ആശുപത്രിയിലായിരുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടിയതിന് തുടർന്ന് കാൽപാദം മുറിച്ച് മാറ്റേണ്ടി വന്നിരുന്നു. ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെ ശ്വാസതടസം നേരിടുകയും ഹൃദയാഘാതം സംഭവിക്കുകയും മരണം സ്ഥിരീകരിക്കുകയുമായിരുന്നു.
കോട്ടയം വാഴൂർ സ്വദേശിയാണ്. പാർട്ടി സംസ്ഥാന സെക്രട്ടറി ചുമതലയിൽ നിന്നും മൂന്നുമാസത്തെ അവധിക്ക് അപേക്ഷ നൽകിയിരിക്കെയാണ് അന്ത്യം.2015 മുതൽ സിപിഐയുടെ സംസ്ഥാന സെക്രട്ടറിയാണ്.

### പുതിയ ആശയങ്ങൾ നല്കുന്ന പുസ്തകം

**മ**നുഷ്യഹൃദയത്തെ പാപബോധത്തിലേക്ക് നയിക്കാൻ കഴിയുന്ന പുസ്തകം.മരണാനന്തര ജീവിതത്തെ ശക്തമായി പ്രതിവാദിക്കുന്ന പുസ്തകം. ഓരോ വായനയിലും പുതിയ ആശയങ്ങൾ നല്കാൻ കഴിയുന്ന പുസ്തകം. ചരിത്രസത്യങ്ങളിലൂടെ വർത്തമാനഭാവി കാലങ്ങളിലേക്കു സഞ്ചരിക്കുന്ന ഏക പുസ്തകമാണ് വിശുദ്ധബൈബിൾ.



എലിസബേത്ത് ജോൺസൺ, ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, ദുബൈ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ എഴുത്തു മത്സരം




AL QTR TOURISM
Quality Tourism Resources

## വിഷൻ 24 സംഗീത സദ്യ

പത്തനംതിട്ട: തോന്നിയാമല അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ആഭിമുഖ്യത്തിൽ വിഷൻ 24 എന്ന പേരിൽ സംഗീത സായാഹ്നവും വചനപ്രഘോഷണവും ഡിസംബർ 21, 22 തീയതികളിൽ വൈകിട്ട് 5.30 മുതൽ 9 വരെ കാഞ്ഞിരപ്പാറ ജംഗ്ഷനിൽ അസംബ്ലീസ് ഓഫ് ഗോഡ് ഗ്രൗണ്ടിൽ നടക്കും. പ്രശസ്ത കർണാടക സംഗീതജ്ഞൻ ജയ്സൺ കണ്ണൂർ നയിക്കുന്ന സംഗീത സായാഹ്നത്തിൽ ഷമീർ കൊല്ലം വചന പ്രഭാഷണം നടത്തും.

**പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്**
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

**ഫോൺ: +971506948206 (അബുദാബി) +919526713475 (വാട്സ്ആപ്പ്)**

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

## പെന്തക്കോസ്ത് മിഷൻ ദോഹ-ഖത്തർ കൺവൻഷൻ

ദോഹ: ദി പെന്തക്കോസ്ത് മിഷൻ സഭയുടെ ദോഹ-ഖത്തർ കൺവൻഷൻ ജനുവരി 23 മുതൽ 26 വരെ ദോഹ ഐഡിസിസി കോംപ്ലക്സിൽ നടക്കും. ദിവസവും വൈകിട്ട് 6ന് ആരംഭിക്കുന്ന സുവിശേഷയോഗത്തിൽ സഭയുടെ പ്രധാന ശുശ്രൂഷകർ വചന പ്രഭാഷണം നടത്തും. മിഷൻ പ്രവർത്തകർ വിവിധ പ്രാദേശിക ഭാഷകളിൽ ഗാനങ്ങൾ ആലപിക്കും. ബുധൻ,വ്യാഴം രാവിലെ 7ന് ബൈബിൾ ക്ലാസ്സ്, 10 ന് പൊതുയോഗം. ബുധൻ ഉച്ചയ്ക്ക് 3 മുതൽ 5 വരെ കാത്തിരിപ്പ് യോഗം. വ്യാഴാഴ്ച ഉച്ചയ്ക്ക് 3 മുതൽ 5 വരെ യുവജനസമ്മേളനം. സമാപന ദിവസമായ വെള്ളിയാഴ്ച രാവിലെ 9ന് പൊതുയോഗം എന്നിവ നടക്കും.

## ശാരോൺ ഫെലോഷിപ്പ് യു. എ. ഇ റീജിയൻ 25-ാമത് സംയുക്ത ആരാധന ഡിസംബർ 10ന്

ദുബായ്: ശാരോൺ ഫെലോഷിപ് യുഎഇ റീജിയൻ 25 മത് സംയുക്ത ആരാധന ഡിസംബർ 10 ഞായറാഴ്ച രാവിലെ 9:30ന് വിന്നർ സ്പോർട്സ് ക്ലബ്ബ് അജ്മാനിൽ നടക്കും.യുഎഇ റീജിയന് കീഴിലുള്ള കീഴിലുള്ള 16 ദൈവസഭകളിലേയും വിശ്വാസികളും പങ്കെടുക്കും. ശാരോൺ ഫെലോഷിപ് യുഎഇ റീജിയൻ പാസ്റ്റർ ജോൺസൺ ബേബി ഉദ്ഘാടനം ചെയ്യും. ശാരോൺ ഫെലോഷിപ്പ് ദേശീയ പ്രസിഡണ്ട് പാസ്റ്റർ എബ്രഹാം ജോസഫ് മുഖ്യപ്രഭാഷകൻ ആയിരിക്കും. റീജിയന് കീഴിലുള്ള വിവിധ ദൈവദാസന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ശാരോൺ ഫെലോഷിപ് യുഎഇ റീജിയൻ കൊയർ ആരാധനയ്ക്ക് നേതൃത്വം നൽകും. യുഎഇ റീജിയൻ സെക്രട്ടറി പാസ്റ്റർ ഗിൽബർട്ട് ജോർജിന്റെ നേതൃത്വത്തിൽ റീജിയൻ സെന്റർ പാസ്റ്റർമാരായ റവ. ഡോ. കെ.ബി ജോർജ്കുട്ടി, റവ. ഡോ. ഷിബു വർഗീസ്, അബുദാബി സെന്റർ ഏരിയ കോ ഓർഡിനേറ്റർ തോമസ് ഫിലിപ്പ് എന്നിവർ ഉൾപ്പെട്ട വിപുലമായ കമ്മിറ്റി ഒരുക്കങ്ങൾ നടത്തി വരുന്നു.

# ബ്രിട്ടനിലെ കോപ്റ്റിക് ദേവാലയത്തിൽ നടന്ന ശുശ്രൂഷകളിൽ പങ്കെടുത്ത് ചാൾസ് രാജാവ്

ലണ്ടൻ: ഇംഗ്ലണ്ടിലെ ഹെർട്ട്ഫോർഡ്ഷയറിലെ സെന്റ് ജോർജ്ജ് കോപ്റ്റിക് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്ന ക്രിസ്തുമസ് വിരുന്നിലും മറ്റ് ശുശ്രൂഷകളിലും പങ്കെടുത്ത് ചാൾസ് രാജാവ്. ഏതാണ്ട് അഞ്ഞൂറിലധികം വിശ്വാസികളും ചടങ്ങിൽ സംബന്ധിച്ചു. ബ്രിട്ടനിലും വിദേശത്തും മതാന്തര സംവാദം പ്രോത്സാഹിപ്പിക്കുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമായിട്ടായിരുന്നു ബ്രിട്ടീഷ് രാജാവ് ചടങ്ങിൽ ഭാഗമായത്. സൗത്ത്വാർക്ക് മെത്രാൻ റവ. ക്രിസ്റ്റഫർ ചെസ്സൺ, സെന്റ് അൽബാൻസ് മെത്രാൻ, ചർച്ചസ് റ്റുഗെദർ'ന്റെ ജനറൽ സെക്രട്ടറി മൈക്ക് റോയൽ എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു. പ്രാർത്ഥനയും സുവിശേഷ പ്രസംഗവുമായി ഏകദേശം 15 മിനിറ്റ് നീണ്ട ശുശ്രൂഷയാണ് ദേവാലയത്തിൽ നടന്നത്. കോപ്റ്റിക് ഓർത്തഡോക്സ് സമൂഹത്തോട് തനിക്ക് വളരെ ആദരവുണ്ടെന്നും ക്രിസ്തുമസ് ആശംസകൾ നേരുന്നതായും ചാൾസ് രാജാവ് പറഞ്ഞു.



അതിപുരാതന ക്രിസ്ത്യൻ സഭാവിഭാഗങ്ങളിൽ ഒന്നാണ് ഈജിപ്തിൽ വേരൂന്നിയിട്ടുള്ള കോപ്റ്റിക് ഓർത്തഡോക്സ് സഭ. നൂറ്റാണ്ടുകൾ പഴക്കമുള്ള നിരവധി ദേവാലയങ്ങൾ കോപ്റ്റിക് ഓർത്തഡോക്സ് സഭക്കുണ്ട്. ഷെഫാൽബറി മാനൊറിന് സമീപം സ്ഥിതി ചെയ്യുന്ന സെന്റ് ജോർജ്ജ് കത്തീഡ്രൽ യുകെയിലെ നാൽപ്പതിനായിരത്തോളം കോപ്റ്റിക് ഓർത്തഡോക്സ് വിശ്വാസികളുടെ ആരാധനാ കേന്ദ്രമാണ്.

## പെന്തക്കോസ്തൽ യൂത്ത് ഫെലോഷിപ്പ് ഓഫ് ഫ്ലോറിഡ വാർഷിക കൺവെൻഷൻ ഇന്ന് മുതൽ

മയാമി (യു എസ് എ) : പെന്തക്കോസ്തൽ യൂത്ത് ഫെലോഷിപ്പ് ഓഫ് ഫ്ലോറിഡയുടെ 26-ാമത് വാർഷിക കൺവെൻഷൻ ഇന്ന് മുതൽ ഞായർ വരെ ഐ പി സി സൗത്ത് ഫ്ലോറിഡയിൽ 33313) നടക്കും. വൈകിട്ട് 6.30 മുതൽ നടത്തപ്പെടുന്ന യോഗങ്ങളിൽ ഐ പി സി ഒർലാന്റോ അസോസിയേറ്റ് പാസ്റ്റർ ഫിനോയി ജോൺസൺ മുഖ്യ പ്രഭാഷകനായിരിക്കും.
ഡിസംബർ 10 ഞായറാഴ്ച രാവിലെ 9 മണിക്ക് വെസ്റ്റ് ഗ്ലൈഡ്സ് മിഡിൽ സ്കൂളിൽ (11000 നടത്തപ്പെടുന്ന സംയുക്ത സഭാ ആരാധനയിൽ പാസ്റ്റർ ഡോ. തോംസൺ കെ. മാത്യൂ ദൈവ വചന സന്ദേശം നൽകും. ഐ പി സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ സി ജോൺ തിരുവത്താഴ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും.
പാസ്റ്റേഴ്സ് കോർഡിനേറ്റർ പാസ്റ്റർ ജോർജ് വർഗീസ് ആരാധന യോഗത്തിൽ അധ്യക്ഷത വഹിക്കും. ഗായകൻ ഡോ. റ്റോം ഫിലിപ്പ് തോമസ് വിവിധ ദിവസങ്ങളിലായി നടത്തപ്പെടുന്ന ആത്മീയ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.
പാസ്റ്റർമാരായ സാം പണിക്കർ, എബ്രഹാം തോമസ്, ബൈജു മാത്യു, ജോസൻ തോമസ്, പോത്തൻ ചാക്കോ, ജയ്മോൻ ജേക്കബ് തുടങ്ങിയവർ വിവിധ യോഗങ്ങളിൽ അധ്യക്ഷത വഹിക്കും. കൂടുതൽ വിവരങ്ങൾക്ക്: ബ്രദർ ഷാജി ബിനോ, 206 471 5815, സിസ്റ്റർ ആഞ്ജലിന ജോൺ 754 510 4959.

## പ്രാർത്ഥനാസംഗമം ഒരുക്കുന്ന 12 മണിക്കൂർ പ്രാർത്ഥനയും ഉപവാസവും

ഷാർജ : പ്രാർത്ഥനാസംഗമം (International Prayer Fellowship ) ഒരുക്കുന്ന 12 മണിക്കൂർ പ്രാർത്ഥനയും ഉപവാസവും നാളെ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ (യു. എ. ഇ സമയം ) നടക്കും. പാസ്റ്റർ സുരേഷ് പി. സാം പാസ്റ്റർ രാജേഷ് കൊട്ടാരക്കര പാസ്റ്റർ വിക്ടർ ഫ്രാൻസിസ് സിസ്റ്റർ ബിന്ദു ബിജുദാസ് പാസ്റ്റർ ജോർജ് വർഗീസ് എന്നിവർ ദൈവ വചനം ശുശ്രൂഷിക്കുകയും പാസ്റ്റർ ജയ്ലാൽ ലോറൻസ് ബ്രദർ പോൾസൺ സാമുവേൽ പാസ്റ്റർ ബിനു ജോസഫ് പാസ്റ്റർ ജോമെറ്റ് ജോൺസൻ സിസ്റ്റർ സെലിൻ ഷിബു എന്നിവർ ആരാധനക്ക് നേതൃത്വം നൽകും. രാജ്യങ്ങൾക്ക് വേണ്ടിയും മറ്റുള്ള വിഷയങ്ങൾക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾക്ക് പാസ്റ്റർ കെ. പി. ജോസ് വേങ്ങൂർ നേതൃത്വം നൽകും.
Zoom മീറ്റിംഗ് ID 332 242 5551 Paascode: 2020.

# ക്രൈസ്തവ വിദ്യാഭ്യാസം സമൂഹത്തെ വളർത്തിയെടുക്കുന്നതാകണം: മാർപാപ്പ



വത്തിക്കാൻ :ക്രൈസ്തവ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും തങ്ങൾ ജീവിക്കുന്ന രീതിയിൽ സുവിശേഷം പങ്കുവയ്ക്കാനും യുവജനങ്ങൾക്കിടയിൽ സമൂഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മനോഭാവം വളർത്തിയെടുക്കാനും ശ്രമിക്കണമെന്ന് ഫ്രാൻസിസ് മർപാപ്പ. ആഫ്രിക്കൻ കത്തോലിക്കാ വിദ്യാഭ്യാസ കോൺഗ്രസിൽ പ്രധമ ദിനത്തിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.
ക്രൈസ്തവ വിദ്യാഭ്യാസം യുവജനങ്ങളെ സ്വാർത്ഥതയിലേക്ക് നയിക്കുന്ന മത്സര മനോഭാവത്തിലല്ല, മറിച്ച് സമൂഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ചൈതന്യത്തിലേക്കാണ് തയ്യാറാക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടാതെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആഫ്രിക്കൻ

കോംപാക്റ്റിന്റെ സ്വീകരണത്തെ ഫ്രാൻസിസ് മാർപാപ്പ സ്വാഗതം ചെയ്യുകയും ക്രിസ്ത്യൻ മൂല്യങ്ങൾ പ്രാദേശിക സംസ്കാരം വിഭവങ്ങൾ എന്നിവ വിവരിക്കുകയും ഓരോ സമൂഹത്തിന്റെയും ആവശ്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.
2019 ൽ ആരംഭിച്ച പോപ്പിന്റെ ഗ്ലോബൽ കോംപാക്റ്റ് ഓൺ എഡ്യൂക്കേഷനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ആഫ്രിക്കൻ കത്തോലിക്കാ വിദ്യാഭ്യാസ കോൺഗ്രസ് ഡിസംബർ 7 മുതൽ 10 വരെയുള്ള തീയതികളിൽ ഐവറി കോസ്റ്റിലെ അബിജനിൽ നടക്കുന്നത്.

CNL7 MEDIA
CHRISTIANLIVE DAILY
Vol. 2 Issue 306
8 Friday
Pages 5
677

